**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3673** **12-03-2025 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ഡിപ്പോയിലെ കടമുറികളുടെ ഡെപ്പോസിറ്റ് തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് കെ .എസ്.ആർ.ടി.സി. ഡിപ്പോയിലെ കടമുറികൾ കരാർ പ്രകാരം വാടകയ്ക്ക് എടുത്തവരുടെ ഡെപ്പോസിറ്റ് തുക, കരാർ കാലാവധി കഴിഞ്ഞ് കടമുറി ഒഴിഞ്ഞുപോയതിന് ശേഷം, തിരികെ നൽകുന്നതിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി. കാസർഗോഡ് ബസ് സ്റ്റേഷനിലെ വാണിജ്യ സമുച്ചയത്തിൽ കടമുറികൾ വാടകയ്ക്ക് എടുത്ത ലൈസൻസികളിൽ നിരതദ്രവ്യം (ഇ.എം.ഡി. തുക) തിരികെ നൽകുന്നതിലേക്ക് 10 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 5 അപേക്ഷകരുടെ നിരതദ്രവ്യം തിരികെ നൽകി. ബാക്കി 5 അപേക്ഷകരുടെ തുക ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തവണകളായി നൽകിവരുന്നു. |
| (ബി) | പ്രസ്തുത ഇനത്തിൽ എത്ര രൂപയാണ് കുടിശ്ശികയായി നൽകുവാൻ ഉള്ളതെന്ന് അറിയിക്കുമോ; | (ബി) | ₹ 33,52,903/-<br><br>(5 ലൈസൻസികൾ) |
| (സി) | പ്രസ്തുത തുക നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | ഇ.എം.ഡി. തുകകൾ തവണകളായി തിരികെ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ